# ഈ തീപ്പിടുത്തം നമുക്കൊരു കരുതലാവട്ടെ!

## 2004 ജൂലായ് 6 ന് ഹിന്ദുസ്ഥാൻ ഇൻസെക്റ്റിസൈഡ്സ് ലിമിറ്റഡ് കമ്പനിയിലെ അഗ്നിബാധയെ സംബന്ധിച്ച 'തണലി'ന്റേയും 'ദ അദർമീഡിയ'യുടേയും റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ.

**മൊഴിമാറ്റം : സി.കെ. രഘുനാഥ്**




**2004** ജൂലായ് 6. പുലർച്ചെ 2.30. പെരിയാർ മലിനീകരണ വിരുദ്ധ സമിതിയിലെ അംഗവും ഏലൂർ നിവാസിയുമായ വി.വി. പുരുഷന്റെ ഫോൺകോൾ 'തണലി'ന് ലഭിച്ചു. എച്ച്.ഐ.എൽ ന്റെ എൻഡോസൾഫാൻ പ്ലാന്റിന് തീപിടിച്ചതായും ജനങ്ങൾ പരക്കം പായുന്നതായും എറെ പേർ ഏലൂർ ഫെറിയിൽ കുടുങ്ങിക്കിടക്കുന്നതായും അയാൾ അറിയിച്ചു. "ഞങ്ങൾ എന്തുചെയ്യണം?" അയാൾ ചോദിച്ചു.

തുടർന്ന് ഞങ്ങൾ നിയന്ത്രണാധികാരികളുമായി ബന്ധപ്പെട്ടു. പക്ഷെ പ്രതിസന്ധി എങ്ങനെ നേരിടണമെന്നതിനെക്കുറിച്ച് അവർക്ക് ഒരു ധാരണയും ഉണ്ടായിരുന്നില്ല. നിയമ വിധേയമായ ദുരിത നിവാരണ സജ്ജീകരണങ്ങളോ അടിയന്തിര പ്രതികരണ സംവിധാനങ്ങളോ ഒന്നും അവിടെ ഉണ്ടായിരുന്നില്ല. വിഷദ്രാവകങ്ങൾ ഉൾപ്പെടുന്ന സ്ഫോടനാത്മകമായ ഒരു അവസ്ഥയായിട്ടല്ല, മറിച്ച് ഒരു സാധാരണ അഗ്നിബാധയായിട്ടാണ് ഇത് കണക്കാക്കപ്പെട്ടത്.

പരിസ്ഥിതി പ്രശ്നങ്ങളാൽ വലയം ചെയ്യപ്പെടുന്നവരാണ് ഏലൂർ നിവാസികൾ. ദുരന്തത്തെക്കുറിച്ചുള്ള നിത്യഭയത്തിലാണ് അവർ കഴിയുന്നത്. ഈ വ്യവസായശാലയിലെ പ്രത്യേക അടിയന്തിര പ്രതികരണ പദ്ധതികൾ വെളിപ്പെടുത്തണമെന്ന തദ്ദേശവാസികളുടെ ആവർത്തിച്ചുള്ള ആവശ്യം അവഗണിക്കപ്പെടുന്നു. ഇത്തരം അപേക്ഷകളെ തൊഴിലാളി വിരുദ്ധവും വികസന വിരുദ്ധവുമായി മുദ്രകുത്തുന്നു ഫാക്ടറി അധികൃതർ.

തിരുവനന്തപുരത്തുള്ള 'തണലും', ന്യൂഡൽഹിയിലെ 'ദി അദർ മീഡിയ'യും അങ്ങനെയാണ് ഒരു വസ്തുതാന്വേഷണ സംഘത്തിന് രൂപം കൊടുത്തത്. ഭാവിയിലെ രാസ വ്യവസായശാലകളിലെ ദുരന്തങ്ങൾ തടയാനും അവക്കെതിരെ പ്രതികരിക്കാനുമുള്ള പാഠങ്ങൾ അടങ്ങിയതാണ് ഈ സംഘത്തിന്റെ റിപ്പോർട്ട്.

### ആമുഖം

2004 ജൂലായ് 6-ാം തിയ്യതി 2 മണിക്കാണ് എച്ച്.ഐ.എൽ. ലെ എൻഡോസൾഫാൻ പ്ലാന്റിലെ തീപിടുത്തത്തെക്കുറിച്ച് ഏലൂർ നിവാസികൾക്ക് മുന്നറിയിപ്പ് ലഭിക്കുന്നത്. അഗ്നിബാധ മൂന്നു നാലു മണിക്കൂറുകൾ നീണ്ടുനിന്നു. 5 നിലയുള്ള പ്ലാന്റ് ഏതാണ്ട് പൂർണ്ണമായും കത്തിനശിച്ചു. പന്ത്രണ്ടോളം അഗ്നിശമന യന്ത്രങ്ങൾ വലിയ അളവിൽ ജലം ഉപയോഗിച്ചാണ് തീ നിയന്ത്രണ വിധേയമാക്കിയത്.

കനത്ത പുക പള്ളിപ്പുറം ചാലിലെ താമസ സ്ഥലങ്ങൾക്കു മീതെ 7 മണിവരെ തങ്ങിനിന്നു.

എച്ച്.ഐ.എൽ. ലെയോ ജില്ലയിലെയോ അധികാരികൾ യാതൊരു അടിയന്തിര പ്രതികരണ നടപടിക്രമങ്ങളും ആരംഭിച്ചില്ല. 2.35 വരെ അഗ്നി നിയന്ത്രണ ശ്രമം ആരംഭിച്ചേയില്ല. പല കാരണങ്ങൾകൊണ്ടും എച്ച്.ഐ.എൽ. ഉപേക്ഷയ്ക്ക് കുറ്റക്കാരാണ്. 'വെറും തീപിടുത്തം' എന്നു മാത്രമാണ് ഏലൂർ പോലീസ് കേസ്. കമ്പനിയുടെ അനാസ്ഥക്കെതിരെ ഒരു നടപടിയും എടുക്കപ്പെട്ടിട്ടില്ല.

ഏലൂർ വ്യവസായ മേഖലയിൽ ഏതാണ്ട് 250 വ്യവസായശാലകളുണ്ട്. അതിൽ എച്ച്.ഐ.എൽ. അടക്കം 12 ൽ പരം വൻകിട രാസ ഫാക്ടറികളാണ്.

അപകടകരമായ രാസപദാർത്ഥങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനപ്രക്രിയകളെക്കുറിച്ചും വിവരങ്ങൾ അറിയാനുള്ള സമൂഹത്തിന്റെ ആവശ്യം അനാവശ്യമായ ഇടപെടലുകളായാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡും, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടറേറ്റും കണക്കാക്കുന്നത്. അടിയന്തിര തയ്യാറെടുപ്പുകൾക്കും, ഏലൂർ ഫെറിയിൽ പെരിയാറിന് കുറുകെ ഒരു പാലം പണിയുന്നതിനും വേണ്ടിയുള്ള ആവർത്തിച്ചുള്ള അപേക്ഷകൾ ബധിര കർണ്ണങ്ങളിലാണ് പതിച്ചത്.

അടിയന്തിര പ്രതികരണ നടപടിക്രമങ്ങളുടെ അഭാവവും വ്യവസായശാലയിലെയും ജില്ലാതലത്തിലെയും അധികാരികളുടെ അലംഭാവവും, ഇത്തരം സംഭവങ്ങളുടെ വലിപ്പത്തെക്കുറിച്ചുള്ള ധാരണയില്ലായ്മയും നമ്മെ ഓർമ്മിപ്പിക്കുന്നത് 1984 ലെ ഭോപ്പാൽ യൂണിയൻ കാർബൈഡ് ദുരന്തത്തിൽനിന്ന് നാം ഒരു പാഠവും പഠിച്ചില്ലയെന്നാണ്.

### നിഗമനം

എച്ച്.ഐ.എൽ. തീപിടുത്തം നിരവധി ചോദ്യങ്ങൾ ഉയർത്തുന്നു. ഒരു വശത്ത് കമ്പനിയുടെ ഉപേക്ഷ. മറുവശത്ത് നിയന്ത്രണാധികാരികളുടെ - ജില്ലാ ഭരണം, മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ഇൻസ്പെക്ടറേറ്റ്, സ്ഫോടകവസ്തു കൺട്രോളർ - അമിതമായ ശുഭപ്രതീക്ഷ, പൂർണ്ണ പരാജയം. ഈവിവിധ വിഭാഗങ്ങളുടെ പ്രവർത്തന പരാജയത്തെക്കുറിച്ചുള്ള അന്വേഷണം ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് അനിവാര്യമാണ്.

ജില്ലാ ഭരണത്തിന്റേയും നിയന്ത്രണാധികാരികളുടേയും അടിയന്തിര മെഡിക്കൽ ചികിത്സ കൈകാര്യം ചെയ്യുന്നതിനോടുള്ള പ്രതികരണം അവരുടെ പൂർണ്ണമായ തയ്യാറെടുപ്പില്ലായ്മ സൂചിപ്പിക്കുന്നു. മാത്രമല്ല ജൂലായ് 6-ാം തിയ്യതിയിലെ മെഡിക്കൽ ക്യാമ്പിന് നേതൃത്വം കൊടുത്തവർക്ക് രാസവിഷത്തിന്റെ പ്രത്യേക ചികിത്സ ആവശ്യങ്ങളെക്കുറിച്ച് ഒരു ധാരണയും ഉണ്ടായിരുന്നില്ല താനും.

സർക്കാർ ഡിപ്പാർട്ടുമെന്റുകൾ പൊതുജനവിശ്വാസം നേടുന്നതിന് ഒന്നും ചെയ്തിട്ടില്ല. അതിലുപരി അവർ സമൂഹത്തിന്റെ ഉൽക്കണ്ഠ കനത്ത പുച്ഛത്തോടെയാണ് വീക്ഷിച്ചിട്ടുള്ളത്. പൊതുജനങ്ങളെ പ്രതിയോഗികളായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് ഉൾക്കണ്ഠ ഉളവാക്കുന്ന കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ സമൂഹ പ്രതിനിധികളേയും, പരിസ്ഥിതി വിഭാഗങ്ങളേയും, തൊഴിലാളി പ്രതിനിധികളേയും, തൊഴിലാളി സംഘടനകളേയും ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. കമ്പനിയിലേയും ഗവൺമെന്റിന്റെയും പ്രതിനിധികളുടെയും മാത്രം കൈക

ളിലേക്ക് കാര്യങ്ങൾ വിട്ടുകൊടുക്കുന്നത് വിനാശകരമായിരിക്കുമെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്.

പാരിസ്ഥിതിക കാരണങ്ങൾകൊണ്ടോ അല്ലെങ്കിൽ സ്വകാര്യവൽക്കരണം കൊണ്ടോ കമ്പനി അടച്ചിട്ടാൽ ജോലി നഷ്ടപ്പെട്ടാലോ എന്ന ഭയത്തിലാണ് തൊഴിലാളികൾ. ജോലി നഷ്ടപ്പെടുമെന്ന ഭയം അവരുടെ ജോലി സ്ഥലത്തെ പരിസ്ഥിതി മെച്ചപ്പെടുത്തുന്നതിന് ശ്രമിക്കുന്നതിൽ നിന്ന് അവരെ തടയുന്നു. തൊഴിലാളികളുടെ ആരോഗ്യവും തൊഴിൽസ്ഥലത്തെ സുരക്ഷയെക്കുറിച്ചുള്ള ഉൽക്കണ്ഠകളും സമുദായത്തിന്റെ ആരോഗ്യവും സുരക്ഷയുമായി അടുത്ത് ബന്ധപ്പെട്ടു കിടക്കുന്നു. പക്ഷെ ഇന്നത്തെ തൊഴിലാളികൾ അനുഭവിക്കുന്ന അരക്ഷിതാവസ്ഥ അവരുടെ തൊഴിൽ സ്ഥലത്തിനപ്പുറം അവരുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിൽ നിന്ന് അവരെ തടയുന്നു. പലപ്പോഴും തൊഴിൽശാലകൾ സൃഷ്ടിക്കുന്ന മലിനീകരണവും മറ്റ് വിപത്തുകളും അനുഭവിക്കുന്ന സമുദായത്തിലെ നിവാസികളുമായി ഇത് അവരുടെ വൈരുദ്ധ്യം വർദ്ധിപ്പിക്കുന്നു. ഈ വിപത്തിനെ ചൂഷണം ചെയ്തുകൊണ്ടാണ് കോർപ്പറേഷനുകൾ അവരുടെ വ്യവസായം പതിവുപോലെ തുടരുന്നത്. കോർപ്പറേറ്റ് പെരുമാറ്റത്തിന് മാറ്റം വരുത്താൻ, മലിനീകരണത്തിന് ഒരേ സമയം ഇരകളായിത്തീരുന്ന സമുദായങ്ങളും തൊഴിലാളികളും തമ്മിലുള്ള സംഘർഷം അവസാനിപ്പിക്കേണ്ടതാണ്.

## ശുപാർശകൾ

1. ഇനിയും കണക്കാക്കപ്പെടാത്തത്ര ആളുകൾക്ക് ക്ഷതമേൽപ്പിച്ച, പരിസ്ഥിതി മലിനീകരണം സൃഷ്ടിച്ച തീപിടുത്തം തടയാൻ വേണ്ട നടപടികൾ എടുക്കാൻ കഴിയാത്ത എച്ച്.ഐ.എൽ ന്റെയും അതിന്റെ മുതിർന്ന ഭരണാധികാരികളുടെയും പേരിൽ, ഉത്തരവാദത്തിൽ ഉപേക്ഷ കാണിച്ചതിന് ക്രിമിനൽ കുറ്റത്തിന് കേസെടുക്കണം.

എച്ച്.ഐ.എൽ. ഫാക്ടറി



2. ഫാക്ടറീസ് ആക്റ്റ് ലംഘിച്ചതിന് ഫാക്ടറി ഉടമയ്ക്കും മാനേജർക്കുമെതിരെ സെക്ഷൻ 92 പ്രകാരം ക്രിമിനൽ കേസ് എടുക്കണം.

3. കേന്ദ്ര ഗവൺമെന്റ് അപകടകാരണങ്ങളെക്കുറിച്ച് ഔപചാരിക അന്വേഷണം നടത്തണം. അന്വേഷണ സംഘത്തിൽ പ്രത്യേകം ധാരണകളുള്ള ഒന്നോ രണ്ടോ പേരെ ഉൾപ്പെടുത്തണം.

4. എച്ച്.ഐ.എൽ പുകപടലം ഉണ്ടാകുന്ന പരിധിയിൽ ജില്ലാ ഭരണം മറ്റു അധികാരികളും, സമുദായ പ്രതിനിധികളും ഉൾപ്പെടെ ദീർഘകാല ആരോഗ്യ പരിപാലനത്തിനും, രോഗ നിരീക്ഷണത്തിനും ചികിത്സക്കും ഒരു വ്യവസ്ഥ ആവിഷ്കരിക്കണം. അഗ്നിശമന പ്രവർത്തകർ, പോലീസ്, എച്ച്.ഐ.എൽ. സ്റ്റാഫ് തുടങ്ങി തീ കെടുത്തൽ യത്നത്തിൽ പങ്കാളികളാകുന്ന എല്ലാവരും പൂർണ്ണമായ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കണം. ഇത് ദീർഘകാലാടിസ്ഥാനത്തിലുള്ള ആരോഗ്യ ശ്രദ്ധയായിരിക്കണം. പ്രത്യക്ഷമായോ പരോക്ഷമായോ വിഷബാധ ഉണ്ടായവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ കമ്പനിയ്ക്ക് നിർദ്ദേശം കൊടുക്കണം.

5. കേരള മലിനീകരണ നിയന്ത്രണബോർഡ്, എച്ച്.ഐ.എൽ. ന്റെ ചിലവിൽ, മലിനീകരണ നിയന്ത്രണ നടപടികളെക്കുറിച്ചും, എച്ച്.ഐ.എൽ. തീപിടുത്തവുമായി ബന്ധപ്പെട്ട ഹ്രസ്വകാല - ദീർഘകാല പരിസ്ഥിതി പരിശോധനാ പദ്ധതികളെക്കുറിച്ചും ഒരു റിപ്പോർട്ട് സമർപ്പിക്കണം.

6. എച്ച്.ഐ.എൽ. ലെ സുരക്ഷാ സമ്പ്രദായങ്ങളുടെ പര്യാപ്തത വിലയിരുത്താൻ എടുത്ത നടപടികളെക്കുറിച്ച് ഫാക്ടറീസ് ഇൻസ്പെക്ടറേറ്റിനോട് ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നിർബന്ധിക്കണം.

7. ഇത്തരം അടിയന്തിര സാഹചര്യങ്ങളിൽ ജനങ്ങളെ തയ്യാറെടുപ്പിക്കുന്നതിൽ എന്തുകൊണ്ട് പരാജയപ്പെട്ടുവെന്നും ഇത്തരം അപകടങ്ങൾ ആവർത്തിക്കുന്നത് തടയാൻ എന്തു ഭാവി നടപടികൾ അതിനെടുക്കാൻ കഴിയുമെന്ന ജില്ലാ ഭരണസമിതി വിശദമാക്കണം.

8. ഓൺസൈറ്റ്, ഓഫ്സൈറ്റ് അടിയന്തിര പദ്ധതികൾ ഇല്ലാത്തതോ, വെളിപ്പെടുത്താത്തതോ ആയ കമ്പനികൾ ഒരു നിശ്ചിത സമയത്തിനകം അങ്ങനെ ചെയ്യാൻ കല്പിക്കപ്പെടണം. അല്ലെങ്കിൽ, തൊഴിലാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതി ഹാജരാക്കി അടച്ചിടണം.

9. വ്യാവസായിക ദുരിതം ഉണ്ടാവാൻ ഇടയുള്ളപ്പോൾ ഏലൂരിൽ നിന്ന് കൂട്ടത്തോടെ ആളുകളെ ഒഴിപ്പിക്കാൻ വേണ്ട അടിസ്ഥാന ആന്തരിക ഘടനാ സൗകര്യങ്ങൾ ഏലൂരിലെ വ്യത്യസ്ഥ സ്ഥലങ്ങളിൽ ഒരുക്കണം.

10. ഇത്തരം ദുരന്തങ്ങളോട് പ്രതികരിക്കാൻ ഒരു സമഗ്ര ദുരിത പ്രതികരണ പദ്ധതി ജില്ലാ ഭരണസമിതി തയ്യാറാക്കണം. ഈ പദ്ധതിയിൽ കൂട്ടത്തോടെ ജനങ്ങളെ ഒഴിപ്പിക്കൽ, ദുരന്ത നിയന്ത്രണം, അടിയന്തിര പരിസ്ഥിതി പ്രതികരണം, അടിയന്തിര ചികിത്സാ പ്രതികരണം, ഹ്രസ്വകാല - ദീർഘകാല മെഡിക്കൽ - പാരിസ്ഥിതിക പരിശോധനകളും, പുനരധിവാസവും - ഇങ്ങനെ വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്തണം. ഈ ഓരോ ഘടകത്തിന്റേയും വികസനത്തിന് അനുയോജ്യരായ വിദഗ്ദരുമായി കൂടിയാലോചിക്കണം. പദ്ധതി രൂപീകരണത്തിൽ തൊഴിലാളികളുടെയും, സമുദായ നിവാസികളുടെയും, സമുദായ സംഘങ്ങളുടെയും മുഖ്യ പങ്കാളിത്തം ഉണ്ടായിരിക്കണം.

11. നിലവിലുള്ള ഉയർന്ന അളവിലുള്ള മലിനീകരണത്തിന്റെയും തുടരെതുടരെ മലിനീകരണം വർദ്ധിക്കുന്നതിന്റെയും, എച്ച്.ഐ.എൽ. തീപിടുത്തത്തിന്റെയും സാഹചര്യത്തിൽ, ഏലൂരിനും പെരിയാറിനും വേണ്ട ഒരു സമഗ്ര പരിസ്ഥിതി പ്രശ്ന പരിഹാര പദ്ധതി, കെ.പി.സി.ബി. വികസിപ്പിച്ചെടുക്കണം. തൊഴിലാളികളും സമീപവാസികളുമായിരിക്കണം ഈ പദ്ധതിയുടെ വികസനത്തിനും നിർവ്വഹണത്തിനും നേതൃത്വം കൊടുക്കേണ്ടത്. ഏലൂർ വ്യവസായ ശാലകൾ അതിന്റെ ചി ലവ് വഹിക്കണം. ഓരോ വ്യവസായ ശാലയുടെയും മലിനീകരണത്തിന്റെ തോതനുസരിച്ച് ഈ ചിലവ് പങ്കിടേണ്ടതാണ്.

---

*നിത്യാനന്ദ ജയരാമൻ, ശ്വേത നാരായണൻ (അദർ മീഡിയ, ഡൽഹി), ആർ. ശ്രീധർ, ഷിബു കെ. നായർ (തണൽ, തിരുവനന്തപുരം), ഡോ. ആർ. സുകന്യ എന്നിവരടങ്ങിയ പഠനസംഘം തയ്യാറാക്കിയ റിപ്പോർട്ട്. പൂർണ്ണ രൂപത്തിൽ ആവശ്യമുള്ളവർ ബന്ധപ്പെടുക. e-mail : thanal@vsnl.com*